**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 3297

23.06.2014 ലെ
മറുപടിയ്ക്ക്

**പൊതുഭരണവകുപ്പു മുഖാന്തിരം നടപ്പാക്കുന്നതിന്**
**അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) പൊതുഭരണ വകുപ്പിനോ, പൊതുഭരണ വകുപ്പു മുഖാന്തിരം നടപ്പാക്കുന്നതിനോ ഈ സർക്കാർ വന്നതിന് ശേഷം ഏതെല്ലാം കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുവദിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | പൊതുഭരണ (ന്യൂനപക്ഷ ക്ഷേമ) വകുപ്പു വഴി, കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.എസ്.ഡി.പി. എന്ന പദ്ധതിയാണ് നടപ്പിലാക്കുന്നത്. 11-ാം പഞ്ചവൽസര പദ്ധതി ഘട്ടത്തിൽ വയനാട് ജില്ലയിലും 12-ാം പദ്ധതിയിൽ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി, പനമരം, മാനന്തവാടി, കൽപ്പറ്റ ബ്ലോക്കുകളും, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണും ഉൾപ്പെട്ട പ്രദേശങ്ങളിലാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം എന്നീ സെക്ടറുകളിലായി കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (ബി) ഈ പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചു; ഏതെല്ലാം പദ്ധതികൾ നടപ്പാക്കി; ഏതെല്ലാം പദ്ധതികൾക്ക് സംസ്ഥാനവിഹിതം കൂടി നൽകേണ്ടതുണ്ട്;<br>(സി) ഈ പദ്ധതികൾക്കായി എത്ര രൂപ ചെലവഴിച്ചു; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചു; ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കാനുണ്ട്; | (ബി) യും (സി) യും | 11-ാം പദ്ധതികാലയളവിൽ 1869.805 ലക്ഷം രൂപയും 12-ാം പദ്ധതി കാലയളവിൽ 1001.26 ലക്ഷം രൂപയും കേന്ദ്ര ഗവൺമെന്റ് പദ്ധതി നടത്തിപ്പിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. 12-ാം പഞ്ചവൽസര പദ്ധതിയിൽ എം.എസ്.ഡി.പി-യ്ക്ക് സംസ്ഥാനത്തിനുവേണ്ടി അനുവദിച്ച എല്ലാ പദ്ധതികൾക്കും അടങ്കൽ തുകയുടെ 25 % സംസ്ഥാന വിഹിതമായി നൽകേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) അനുവദിച്ച ഏതെങ്കിലും കേന്ദ്ര പദ്ധതി ഇതിനകം ആരംഭിക്കാത്തതുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി ഏതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നമ്പർ | പതിനൊന്നാം പദ്ധതി | കിട്ടിയ തുക (രൂ. ലക്ഷം) | ചെലവഴിച്ച തുക (രൂ.ലക്ഷം) | റിമാർക്സ് |
|---|---|---|---|---|
| 1 | പത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 180 | 180 | പൂർത്തീകരിച്ചു |
| 2 | 23 സർക്കാർ സ്ക്കൂളുകളിലായി 38 അധിക ക്ലാസ് മുറികളുടെ നിർമ്മാണം | 423.29 | 423.29 | പൂർത്തീകരിച്ചു |
| 3 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലെ പാടിച്ചിറ വില്ലേജിലേയ്ക്കുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 700 | 700 | പൂർത്തീകരിച്ചു |
| 4 | പൂതാടി ഗ്രാമ പഞ്ചായത്തിലെ നടവയൽ വില്ലേജിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 250 | 250 | പൂർത്തീകരിച്ചു |
| 5 | പടിഞ്ഞാറേത്തറ ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറേത്തറ, കുപ്പാടിത്തറ വില്ലേജുകളിലേയ്ക്കുള്ള കുടിവെള്ള വിതരണ പദ്ധതി | 430 | 376.25 | പൂർത്തീകരിച്ചു |
| 6 | മേപ്പാടി ഗവ.പോളിടെക്നിക് കോളേജിലെ ലാബോറട്ടറികളുടെ നവീകരണം | 75 | 75 | പൂർത്തീകരിച്ചു |
| 7 | ജില്ലാ ആസ്ഥാനത്തെ ഐ.റ്റി. എനേബിൾഡ് സെൽ | 5.19 | 4.32 | ഐ.ടിസെൽ കള്കടറേറ്റിൽ പ്രവർത്തിച്ചു വരുന്നു |
| 8 | സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ 2,3,4 നിലകളുടെ നിർമ്മാണം | 500 | ഇല്ല | പി.ഡബ്ല്യൂ.ഡി മുഖേന ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| | ആകെ | **2563.48** | **1971.79** | |
| 9 | ഡയറക്ടറേറ്റിൽ ഐ.ടി.എനേബിൾഡ് സെൽ | 5.18 | 3.83 | പൂർത്തീകരിച്ചു |
| | ആകെ | **2568.66** | **1975.62** | |

പന്ത്രണ്ടാം പദ്ധതി

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ വയനാട് ജില്ലയിൽ 2430.01 ലക്ഷം രൂപയുടെയും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലേക്കായി 249.98 ലക്ഷം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതികൾ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ